(ഇ) ഉണ്ട്. 10395/97, 10458/97 എന്നീ ഒ.പി.-കൾ ഹൈക്കോടതി തള്ളിക്ക ളഞ്ഞിട്ടുണ്ട്. ഇതിനെതിരെ സമർപ്പിച്ച റിട്ട് അപ്പീൽ 20-9-2002-ൽ ഹൈക്കോടതി തള്ളിക്കളഞ്ഞു.

(എഫ്) ഹൈക്കോടതി നിർദ്ദേശം നിലവിലില്ല. സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഗവ. സെൻട്രൽ പ്രസ്സിൽ മൂന്നാം ഷിഫ്റ്റിന് നടപടി

142 [1829] ശ്രീ. യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിൽ മൂന്നാം ഷിഫ്റ്റ് തുടങ്ങ ണമെന്ന് നിയമസഭയുടെ 10-ാം സബ്ജക്ട് കമ്മിറ്റിയുടെ 9-ാം റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തൊക്കെയാ ണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചി ട്ടുണ്ടോ;

(ഡി) എങ്കിൽ എന്നാണ് ഈ ശിപാർശ ലഭിച്ചത് എന്നറിയിക്കുമോ;

(ഇ) മൂന്നാം ഷിഫ്റ്റ് തുടങ്ങുന്നതിന് പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലെങ്കിൽ ഡിപ്ലോയ്മെന്റ് വഴി ജീവനക്കാരെ നിയമിച്ച് മൂന്നാം ഷിഫ്റ്റ് തുടങ്ങി ഓവർടൈം വഴി സർക്കാരിന് ഉണ്ടാകുന്ന അമിതനഷ്ടം ഒഴിവാ ക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതക്കുറവും നിലവിലുള്ള നിയന്ത്രണങ്ങളും ആണ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം.

(സി) ഉണ്ട്.

(ഡി) 20-11-2000-ൽ.

(ഇ) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly